പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2358** **23.3.2012-ൽ മറുപടിക്ക്**

**നീലേശ്വരം മുനിസിപ്പാലിറ്റിയിൽ പശ്ചാത്തല സൗകര്യം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ : (തൃക്കരിപ്പൂർ) | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |
| പുതുതായി അനുവദിച്ച നീലേശ്വരം മുനിസിപ്പാലിറ്റിയിൽ ആവശ്യമായ പശ്ചാത്തലസൗകര്യങ്ങൾ ഒരുക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ? | പശ്ചാത്തലസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നീലേശ്വരം മുനിസിപ്പാലിറ്റിയ്ക്ക് 9/3/2012ലെ ജി.ഒ.(ആർ.റ്റി)705/12/തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരം 1.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക നഗരസഭ ഓഫീസ് നവീകരണവും പശ്ചാത്തല സൗകര്യവും ഒരുക്കൽ, നഗരസഭ ഓഫീസ് വികസനത്തിന് ഉൾപ്പെടെ വിവിധ ആവശ്യങ്ങൾക്ക് വസ്തു വാങ്ങുക, നഗരസഭാ പ്രദേശത്ത് തെരുവ് വിളക്ക് സ്ഥാപിക്കുക എന്നീ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനു വേണ്ടിയാണ് വിനിയോഗിക്കുന്നത്. |

സെക്ഷൻ ഓഫീസർ